ഉത്തരം

		എ.	ബി.	സി.	ഡി.
(എ)	തിരുവനന്തപുരം	10	ഇല്ല	13	47
	കോട്ടയം	14	16	23	35
	ആലപ്പുഴ	ഇല്ല	ഇല്ല	ഇല്ല	6
	കോഴിക്കോട്	12	14	16	59

(ബി, സി, ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു.

എയർകണ്ടീഷനിംഗ് മെക്കാനിക്കിന്റെ നിയമനം

1337 [2155] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എയർ കണ്ടീഷനിംഗ് മെക്കാനിക്കിന്റെ തസ്തികയിൽ ഇതേവരെ ആരേയും നിയമിച്ചിട്ടില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയിൽ നിയമനങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിലുള്ള എയർകണ്ടീഷനിംഗ് മെക്കാനിക്കിന്റെ തസ്തികയിൽ സ്ഥിരമായി ഇതേവരെ ആരേയും നിയമിച്ചിട്ടില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. താൽക്കാലികാടിസ്ഥാനത്തിൽ ഈ തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്. ഈ തസ്തികയ്ക്കുവേണ്ട യോഗ്യതയും നിയമനരീതിയും നിശ്ചയിച്ചിട്ടില്ല. ഇവ നിശ്ചയിച്ചതിനു ശേഷം മാത്രമേ സ്ഥിര നിയമനം നടത്താൻ സാധിക്കുകയുള്ളൂ. ഇവ നിശ്ചയിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യ മേഖലയിലുള്ള ഡിസ്പെൻസറികൾ

1338 [2156] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ ചെറുതും വലുതുമായ എത്ര ഡിസ്പെൻസറികൾ/ആശുപത്രികൾ ഉണ്ടെന്നാണ് വല്ല കണക്കും ഗവൺമെന്റ് ശേഖരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നാണ് വ്യക്തമാക്കുമോ;

(സി) ഇവയിലെല്ലാം കൂടി എത്ര ജീവനക്കാരുണ്ടെന്നാണ് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) 166 ആശുപത്രികളും 971 ഡിസ്പെൻസറികളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) 5,800 മെഡിക്കൽ ഉദ്യോഗസ്ഥർ, 2,000 നഴ്സുമാർ 1,000 ആക്സിലറി നഴ്സ് മിഡ് വൈഫുമാർ. മറ്റ് വിഭാഗം ജീവനക്കാരുടെ കണക്കുകൾ ഇപ്പോൾ കൈവശമില്ല.

ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഗ്രഡേഷൻ ലിസ്റ്റ്

1339 [2157] ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ;

ശ്രീ. കെ. പി. വിശ്വനാഥൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് സർവീസസ് ഡിപ്പാർട്ടുമെന്റിൽനിന്നും അടുത്ത കാലത്തു പരസ്യപ്പെടുത്തിയ ഗ്രഡേഷൻ ലിസ്റ്റിൽ മലേറിയാ വിഭാഗത്തിൽ പെട്ട ഫീൽഡ് അസിസ്റ്റൻറുമാരെ ഉൾപ്പെടുത്തിയിട്ടില്ലെന്നു ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എത്രയും വേഗം തീരുമാനമെടുക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള അലോട്ടഡ് ഫീൽഡ് സ്റ്റാഫ് അസോസിയേഷനിൽ നിന്നും ഇത്തരം ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) 1-4-1964-ലെ സ്റ്റാഫിന്റെ നിലവെച്ചുകൊണ്ടാണ് ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുതലിസ്റ്റിൽ സീനിയോറിറ്റി അനുസരിച്ച് ഫീൽഡ് അസിസ്റ്റൻറുമാരുടെ ലിസ്റ്റ് ചേർത്തിട്ടുണ്ട്. 1967-ൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രമോഷൻ ലഭിച്ചവരെപ്പറ്റിയുള്ള വിവരങ്ങൾ 1-4-1964-ന് ശേഷം തയ്യാറാക്കുന്ന രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുവുന്നതാണ്.

കേരളാ സ്റ്റേറ്റ് എം. സി. എച്ച്. ഹെൽത്ത് വിസിറ്റേഴ്സ്

1340 [2159] ശ്രീ. പി. പി. എസ്തോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് എം. സി. എച്ച്. ഹെൽത്ത് വിസിറ്റേഴ്സിന് ഒരു ഹ്രസ്വകാല ട്രെയിനിംഗ് നൽകി അവരെ പബ്ലിക് ഹെൽത്ത് നഴ്സുമാരായി നിയമിക്കുന്നതിന് ഗവൺമെന്റ് ഉത്തരവുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ എത്രപേർ ആണെന്നും അവർക്ക് ട്രെയിനിംഗ് നൽകുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) അവരിൽ 45 വയസ്സിനു മുകളിലുള്ളവർക്ക് ട്രെയിനിംഗ് കാലാവധിയിൽ ഇളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കാലത്തേയ്ക്ക്;

LIBRARY ARCHIVES Kerala Legislative Assembly